ഉത്തരം

(എ) 1-1-2015 മുതൽ 18-1-2015 വരെയാണ് പുതുക്കിയ കാർഡിനുള്ള അപേക്ഷകൾ സ്വീകരിച്ചത്.

(ബി) നിലവിലെ കാർഡിലെ വിവരങ്ങളും 7-7-2014-ലെ സ.ഉ(കൈ) നമ്പർ 21/14/ഭ.സി.സ.വ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ഉൾപ്പെടുത്തി റേഷൻ കടയിലൂടെ കാർഡുടമകൾക്ക് നൽകിയ പ്രീ-പോപ്പുലേറ്റഡ് ഫോറം, പ്രത്യേകം സംഘടിപ്പിച്ച ക്യാമ്പുകളിലൂടെ ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന രീതിയിൽ കുടുംബത്തിലെ മുതിർന്ന വനിതയുടെ ഫോട്ടോ എടുത്ത്, ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും, ടി ഡാറ്റാ എൻട്രിയിൽ എന്തെങ്കിലും പിശക് സംഭവിച്ചിട്ടുണ്ടെങ്കിൽ അത് തിരുത്തുന്നതിന് കാർഡുടമകൾക്ക് ഓൺലൈനിൽ കൂടിയും പ്രിന്റ് നൽകിയും, പിഴവുകൾ തിരുത്തി വാങ്ങി, അത് കറക്ട് ചെയ്യുന്ന ജോലികളാണ് നിലവിൽ നടന്നുവരുന്നത്. ടി പ്രവൃത്തികൾ തീരുന്ന മുറയ്ക്ക് റാങ്കിംഗ് നടത്തി കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും സോഷ്യൽ ആഡിറ്റിംഗിന് ശേഷം അന്തിമ മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ മുൻഗണനാ കാർഡുകൾ നൽകുകയും ചെയ്യും. മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതാണ്. ഇപ്പോഴുള്ള റേഷൻ കാർഡിന് പുതിയ കാർഡ് ലഭ്യമാകുന്നതുവരെ വാലിഡിറ്റി ഉണ്ടായിരിക്കും. അതിനാൽ ഒരു ആനുകൂല്യങ്ങൾക്കും തടസ്സമുണ്ടാവില്ല.

റേഷൻ കാർഡ് പുതുക്കൽ

242 (1326) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കുന്നതിനായി എത്ര അപേക്ഷകളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി അപേക്ഷിച്ചിട്ടുള്ളവർക്ക് പുതുക്കിയ റേഷൻ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാർഡിനുള്ള അപേക്ഷകളിലെ തെറ്റ് തിരുത്തൽ പ്രക്രിയ പൂർത്തിയായിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) പുതിയ റേഷൻ കാർഡിന് എത്ര രൂപയാണ് കാർഡുടമകളിൽ നിന്നും ഈടാക്കുവാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) 8049397 എണ്ണം.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതാണ്.

(സി) ഇല്ല. 15-12-2015-നകം പൂർത്തീകരിക്കുന്നതാണ്.

(ഡി) തീരുമാനിച്ചിട്ടില്ല.

റേഷൻ കാർഡ് പുതുക്കൽ

243 (1327) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതകളെ കാർഡുടമകളാക്കിക്കൊണ്ട് റേഷൻ കാർഡ് പുതുക്കി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം അനുശാസിക്കുന്ന പ്രകാരം കുടുംബത്തിലെ മുതിർന്ന വനിതയെ കാർഡുടമയാക്കി റേഷൻ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly